# കാലിക്കറ്റ് സർവകലാശാല
# പബ്ലിക് റിലേഷൻസ് വിഭാഗം

പത്രക്കുറിപ്പ്

2023 മെയ് 31 **Website : www.uoc.ac.in**

---

## റേഡിയോ സി.യു.വിൽ 'സർവകലാശാലാ വൃത്താന്തം'

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക മാധ്യമമായി പ്രഖ്യാപിക്കപ്പെട്ട കാലിക്കറ്റ് സർവകലാശാലയുടെ റേഡിയോ സി.യുവിൽ സർവകലാശാലാ വാർത്തകൾ ജൂൺ 1 മുതൽ സംപ്രേഷണം ചെയ്യും. ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർവകലാശാലകളിലെ വാർത്തകളും അറിയിപ്പുകളും ഉച്ചക്ക് 1 മണിക്കാണ് പ്രക്ഷേപണം ചെയ്യുക. പുനഃസംപ്രേഷണം വൈകീട്ട് 6 മണിക്ക്. *പി.ആർ. 626/2023*

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ
## പി.ജി. വിദ്യാർത്ഥികൾക്ക് കരിയർ സെമിനാർ

കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലാംഗ്വേജസിന്റെ ആഭിമുഖ്യത്തിൽ മലയാളം, ഹിന്ദി, ഉർദു, ഇംഗ്ലീഷ്, സംസ്കൃതം, അറബി, റഷ്യൻ / കംപാരറ്റീവ് ലിറ്ററേച്ചർ, വിദ്യാർത്ഥികളുടെ പഠന / തൊഴിൽ സാധ്യതകളെക്കുറിച്ച് ജൂൺ 8 ന് രാവിലെ 10 മണിക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇ എം എസ് സെമിനാർ ഹാളിൽ ഏകദിന സെമിനാർ നടത്തുന്നു. കരിയർ ഗുരു എം.എസ്. ജലീൽ മുഖ്യപ്രഭാഷണം നിർവ്വഹിക്കും. വൈസ് ചാൻസിലർ ഡോ. എം കെ ജയരാജ് ഉദ്ഘാടനം ചെയ്യും. പ്രൊഫ.എം നാസർ സമാപന പ്രഭാഷണം നിർവ്വഹിക്കും. സർവകലാശാലാ കാമ്പസിലെ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യേണ്ടതില്ല. രജിസ്ട്രേഷന് ബന്ധപ്പെടുക ഫോൺ – 9447530013 *പി.ആർ. 627/2023*

## പരീക്ഷാ ഫലം

ആറാം സെമസ്റ്റർ ബി.ടെക്. ഏപ്രിൽ 2022 റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് ജൂൺ 17 വരെ അപേക്ഷിക്കാം. *പി.ആർ. 628/2023*

## സമ്മർ കോച്ചിംഗ് ക്യാമ്പ്
## സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

കാലിക്കറ്റ് സർവകലാശാലാ കായിക പഠനവിഭാഗം സ്കൂൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച വേനൽക്കാല പരിശീലന ക്യാമ്പിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ നൽകി. നീന്തൽ ഉൾപ്പെടെ വിവിധ കായിക ഇനങ്ങളിലായി 500-ഓളം വിദ്യാർത്ഥികളാണ് പരിശീലനം നേടിയത്. രക്ഷിതാക്കൾക്കായി സൗജന്യ യോഗാ പരിശീലനവും നൽകിയിരുന്നു. വൈസ് ചാൻസിലർ ഡോ. എം.കെ. ജയരാജ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കായിക പഠന വിഭാഗം മേധാവി ഡോ. വി.പി. സക്കീർ ഹുസൈൻ, അസി. രജിസ്ട്രാർ ആരിഫ തുടങ്ങിയവർ പങ്കെടുത്തു.

ഫോട്ടോ – കാലിക്കറ്റ് സര്‍വകലാശാലാ കായിക പഠനവിഭാഗം സംഘടിപ്പിച്ച സമ്മര്‍ കോച്ചിംഗ് ക്യാമ്പില്‍ പരിശീലനം പൂര്‍ത്തിയാക്കിയ കുട്ടികള്‍ വൈസ് ചാന്‍സിലര്‍ ഡോ. എം. കെ. ജയരാജ്, കായിക പഠനവകുപ്പു മേധാവി ഡോ. വി.പി. സക്കീര്‍ ഹുസൈന്‍ എന്നിവര്‍ക്കൊപ്പം. *പി.ആര്‍. 629/2023*